## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3651. 25.06.2013 ൽ മറുപടിയ്ക്ക്.

### ദീർഘദൂര സമാന്തര സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>„ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>„ കെ. കുഞ്ഞമ്മത് മാസ്റ്റർ<br>„ സി. കൃഷ്ണൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് ദീർഘദൂര സമാന്തര സർവ്വീസുകൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഇതുമൂലം കെ.എസ്. ആർ.ടി.സി. യുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഇതു മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ കുറവുണ്ടാകുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) ചെലവുകുറഞ്ഞ ദീർഘദൂര സർവ്വീസുകൾ കൂടുതൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | കെ.എസ്.ആർ.ടി.സി. വോൾവോ മുതൽ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള ദീർഘദൂര സർവ്വീസുകൾ ആവശ്യത്തിന് നടത്തി വരുന്നുണ്ട്. ചെലവു കുറഞ്ഞതും സൗകര്യ പ്രദവുമായ യാത്രയാണ് ഇവയിലൊക്കെ പ്രദാനം ചെയ്ത് വരുന്നത്. കൂടുതൽ ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്നതിനനുസരിച്ചും പുതിയ സർവ്വീസുകളുടെ പ്രായോഗികത കണക്കിലെടുത്തുകൊണ്ടും കൂടുതൽ സർവ്വീസുകൾ തുടങ്ങുന്ന കാര്യം പരിഗണി-ക്കാവുന്നതാണ്. |
| (ഡി) കോൺട്രാക്ട് കാരേജ് പെർമിറ്റ് എടുക്കുന്ന ബസ്സുകൾ നിയമവിരുദ്ധമായി പ്രതിദിന സർവ്വീസായി ദീർഘദൂര റൂട്ടുകളിൽ ഓടുന്നത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഡി) | കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ലിസ്റ്റിലുള്ള യാത്രക്കാരുമായി സർവ്വീസ് നടത്താമെന്ന കോടതി വിധി ഇത്തരം സർവ്വീസുകൾ നിർത്തലാക്കുന്നതിനു തടസ്സ മാണ്. എങ്കിലും മോട്ടോർ വാഹന വകുപ്പ് ഈ മേഖലയിൽ വാഹന പരിശോധന കർശനമാക്കുകയും, ഇത്തരത്തിലുള്ള കുറ്റങ്ങൾ കണ്ടുപിടിച്ച് നിയമ നടപടികൾ കൈക്കൊണ്ട് വരികയും ചെയ്യുന്നുണ്ട്. ഇത്തരം വാഹനങ്ങൾ |

| | | |
|---|---|---|
| | | ബസ് സ്റ്റാന്റ് പരിസരത്ത് വരാൻ അനുവദിക്കാതെ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) ദീർഘദൂര ആഡംബര ബസ്സുകൾ സ്റ്റേജ് കാരേജ് പെർമിറ്റുകൾ ദുരുപയോഗം ചെയ്ത് അനുമതി പത്രത്തിൽ തിരിമറി കാണിച്ച് സർവ്വീസ് നടത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇങ്ങനെയുള്ള തിരിമറികൾ കണ്ടുപിടിക്കുന്ന മുറയ്ക്ക് ഇത്തരക്കാർക്ക് എതിരെ നിയമപരമായുള്ള പെർമിറ്റ് റദ്ദാക്കൽ, പിഴ ഈടാക്കുക, സ്റ്റേജ് കാര്യേജ് നിരക്കിലുള്ള അധിക ടാക്സ് ഈടാക്കുക തുടങ്ങിയ കർശന നടപടി കൈക്കൊണ്ടുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.